**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.3254 | 14-03-2018 ൽ മറുപടിയ്ക്ക്

**കോന്നി ഫയർ സ്റ്റേഷന് കെട്ടിടം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അടൂർ പ്രകാശ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | കോന്നി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി വനം വകുപ്പിന്റെ കൈവശമുള്ള സ്ഥലം വിട്ടുകിട്ടുന്നതിലേയ്ക്കായി ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പ് നാളിതുവരെ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) & ബി) | സ്ഥലം വിട്ട് കിട്ടുന്നതിനായി റവന്യൂ വകുപ്പിൽ നിന്നും എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളതും, ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിട്ടുള്ളതും ടി വകുപ്പുമായി ചേർന്ന് സംയുക്ത സ്ഥല പരിശോധന നടത്തിയിട്ടുള്ളതുമാണ്. എന്നാൽ റോഡ് പുറമ്പോക്കുമായി ചേർന്ന് കിടക്കുന്ന നിർദ്ദിഷ്ട വന ഭൂമിയുടെ അളവുകൾ ഉൾപ്പെടുത്തിയ സ്കെച്ച് ലഭ്യമല്ലാത്തതിനാൽ ടി സ്ഥലത്ത് നിർമ്മിക്കാവുന്ന കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കാനും എസ്റ്റിമേറ്റ് തയ്യാറാക്കാനും സാധിക്കില്ല എന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചതിനെ തുടർന്ന് താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ട വനഭൂമിയുടെ അളവുകൾ ഉൾപ്പെടുത്തിയ സ്കെച്ച് ലഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ടി സ്കെച്ച് ലഭ്യമായതിനുശേഷം ആയത് പൊതുമരാമത്ത് വകുപ്പിന് കൈമാറി ടി സ്ഥലത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും അടക്കമുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതുമാണ്. |
| ബി) | നാളിതുവരെ യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ലെങ്കിൽ ആയത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ; | | |
| സി) | യൂസർ ഏജൻസിയായ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അപേക്ഷ സമർപ്പിക്കാത്തതു | സി) & ഡി) | താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ട വനഭൂമിയുടെ അളവുകൾ ഉൾപ്പെടുത്തിയ സ്കെച്ച് ലഭിക്കുന്ന |

| | | |
|---|---|---|
| | കൊണ്ടാണ് ഭൂമി വിട്ടു നൽകാത്ത തെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | തിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ള താണ്. ടി സ്കെച്ച് ലഭ്യമായതിനുശേഷം ആയത് പൊതുമരാമത്ത് വകുപ്പിന് കൈമാറി ടി സ്ഥലത്ത് നിർമ്മിക്കാ നുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും അടക്കമുള്ള പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് യൂസർ ഏജൻസി എന്ന നിലയിൽ അപേക്ഷ സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| ഡി) | അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിൽ അടിയന്തിര നടപടി കൈക്കൊള്ളുമോ? | |

സെക്ഷൻ ഓഫീസർ